No. CEE/4830/MDS/2016/TA4


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2016

1. കേരളത്തിലെ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള സർക്കാർ ഡെന്റൽ കോളേജുകളിലേയ്ക്കും സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളിലെ ലഭ്യമായ 50% സീറ്റുകളി ലേയ്ക്കും 2016 വർഷത്തിലെ വിവിധ എം.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

**(i) വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും ലഭിച്ച ബി.ഡി.എസ് ബിരുദം അല്ലെങ്കിൽ 1948 ലെ ഡെന്റിസ്റ്റ് ആക്ട് പ്രകാരം ഭാരത സർക്കാർ അംഗീകരിച്ച ഡെന്റൽ കോളേജിൽ നിന്നും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ബി.ഡി.എസ് ബിരുദം. അപേക്ഷകൻ അവസാന വർഷ ബി.ഡി.എസ് പരീക്ഷ വിജയിച്ച ശേഷം കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ നിന്നും സ്ഥിരമായ രജിസ്ട്രേഷൻ നേടുകയും 31.03.2016 നോ അതിന് മുമ്പോ സി.ആർ.ആർ.ഐ നേടിയിരിക്കുകയും വേണം. എന്നാൽ 1988 ലോ അതിന് മുമ്പോ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഏതെങ്കിലും ഡെന്റൽ കോളേജിൽ നിന്നും അവസാന വർഷ ബി.ഡി.എസ് പരീക്ഷയിൽ വിജിയിച്ച് ബി.ഡി.എസ് ബിരുദം നേടുകയും കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ സ്ഥിരമായോ താല്കാലികമായോ രജിസ്ട്രേഷൻ നേടുകയും ചെയ്തിട്ടുള്ള അപേക്ഷകരെ ഒരു വർഷത്തെ സി.ആർ.ആർ.ഐ യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാ അപേക്ഷകരും പ്രവേശനത്തിന് മുമ്പ് കേരള ഡെന്റൽ കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ നേടിയിരിക്കണം.

**(ii) നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇൻഡ്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്; എന്നാൽ PIO/OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു ഡെന്റൽ കോളേജിൽ നിന്നും ബി.ഡി.എസ് ബിരുദം നേടിയ ഇന്ത്യൻ പൗരനായിരിക്കണം. കേരളത്തിലെ ഏതെങ്കിലും ഡെന്റൽ കോളേജിൽ നിന്നും ബിരുദമെടുത്ത കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/പ്രത്യേക/വികലാംഗ സംവരണാനുകൂല്യ ങ്ങൾക്ക് അർഹരായിരിക്കില്ല.

**(iii) വയസ്:** വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകരുടെ ഉയർന്ന പ്രായപരിധി **2016 ജനുവരി** 01-ന് ഇപ്രകാരമായിരിക്കും.

ജനറൽ വിഭാഗം : ഉയർന്ന പ്രായ പരിധി ഇല്ല.

സർവ്വീസ് വിഭാഗം : സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെകടസ് ക്ലോസ് IV (c) പ്രകാരമായിരിക്കും.

**(iv) പ്രവേശന പരീക്ഷ:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന 2016 വർഷത്തെ എം.ഡി.എസ് പ്രവേശനത്തിനുള്ള "പോസ്റ്റ് ഗ്രാഡ്വേറ്റ് ഡെന്റൽ പ്രവേശന പരീക്ഷ-2016" എഴുതി യോഗ്യത നേടിയിരിക്കണം. പ്രവേശന പരീക്ഷ **2016 ഫെബ്രുവരി 7-ാം** തീയതി (ഞായറാഴ്ച) രാവിലെ 10 മണി മുതൽ 1 മണി വരെ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് 200 ചോദ്യങ്ങളും 3 മണിക്കൂർ ദൈർഘ്യവുമുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലായിരിക്കും.

**(v) യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന 2016 വർഷത്തെ എം.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ കുറഞ്ഞ യോഗ്യതയായ 50% മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, എസ്.ഇ.ബി.സി, വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കുറഞ്ഞത് 40% മാർക്ക് നേടിയാൽ മതിയാക്കും. കാലുകൾക്ക് 40% മുതൽ 70% വരെ ചലന വൈകല്യമുള്ളവർ കുറഞ്ഞത് 45% മാർക്ക് നേടിയിരിക്കണം.

3. **പ്രവേശന രീതി:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന 2016 വർഷത്തെ എം.ഡി.എസ് പ്രവേശനത്തിനുള്ള "പോസ്റ്റ് ഗ്രാഡ്വേറ്റ് ഡെന്റൽ പ്രവേശന പരീക്ഷ-2016" എഴുതി യോഗ്യത നേടിയിരിക്കണം. ജനറൽ വിഭാഗക്കാരുടെ സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകുന്നത് അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും. പോസ്റ്റ് ഗ്രാജുവേറ്റ് സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച ശേഷം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വീസ് വിഭാഗക്കാരെ തെരഞ്ഞെടുക്കുന്നതാണ്. റാങ്ക് ലിസ്റ്റുകളിൽ

ഉൾപ്പെട്ടിട്ടുള്ളതും, പ്രോസ്പെക്ടസ് ക്ലോസ് IV പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷകരെ മാത്രമേ എം.ഡി.എസ് പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

4. **അപേക്ഷാ സമർപ്പണവും, അപേക്ഷാ ഫീസും:**
സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **26.12.2015 മുതൽ 07.01.2016 വൈകുന്നേരം 3 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പ്രോസ്പെക്ടസ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ് ക്ലോസ് VIII-ൽ വിശദമാക്കിയിട്ടുണ്ട്. പരീക്ഷയ്ക്കുള്ള അപേക്ഷ ഫീസ് ഓൺലൈൻ മുഖേനയോ, അല്ലെങ്കിൽ അപേക്ഷയുടെ കൂടെ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ശാഖയിൽ ഒടുക്കാവുന്നതാണ്. അല്ലെങ്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന മേൽപറഞ്ഞ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഉപയോഗിച്ചോ ഒടുക്കാവുന്നതാണ്. ഫീസ് അടയ്ക്കുന്നതിന് ചെലാനോ ഡിമാന്റ് ഡ്രാഫ്റ്റോ ആണ് ഉപയോഗിക്കുന്നതെങ്കിൽ അതിന്റെ ഒറിജിനൽ കോപ്പി അപേക്ഷയോടൊപ്പം അയക്കേണ്ടതാണ്. (ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാ ഫീസ് 1000/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ 500/- രൂപ). ജനറൽ ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ 1000/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാ ഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ഡെന്റൽ കോളേജുകളിലോ ലഭിക്കുന്നതല്ല.

5. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം നിർദ്ദിഷ്ട സ്ഥാനങ്ങളിൽ അപേക്ഷകർ തങ്ങളുടെ ഇടതു കൈവിരലടയാളവും പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ (അപേക്ഷയിൽ ഓൺലൈനായി സമർപ്പിച്ച ഫോട്ടോ) പതിച്ച് ഒരു സർക്കാർ ഗസറ്റഡ് ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയുടെ പ്രിന്റൗട്ടും പ്രോസ്പെക്ടസ്സ് ക്ലോസ് VIII (e) ൽ പറഞ്ഞിട്ടുള്ള അനുബന്ധ രേഖകളും, കൂടാതെ അപേക്ഷാ ഫീസ് അടയ്ക്കുന്നത് ബാങ്ക് ചെലാനോ, ഡിമാന്റ് ഡ്രാഫ്റ്റോ ആണ് ഉപയോഗിക്കുന്നതെങ്കിൽ അതിന്റെ ഒറിജിനൽ കോപ്പി സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ **07.01.2016 (വ്യാഴാഴ്ച) വൈകുന്നേരം 5 മണിക്ക്** മുമ്പ് ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും, അപൂർണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കില്ല.
സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് ക്ലോസ് VIII (e) യിൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണർക്കും അപേക്ഷയുടെ ഒരു പകർപ്പ് അവരുടെ കൺട്രോളിംഗ് ആഫീസർക്കും (DME/DHS/DIMS) നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷ എഴുതുന്നതിന് യോഗ്യത നേടിയ അപേക്ഷകരുടെ അഡ്മിറ്റ് കാർഡ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും നിശ്ചിത തീയതി മുതൽ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

8. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

9. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2016 ലെ ബിരുദാനന്തര ബിരുദ ഡെന്റൽ കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം

26.12.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**